പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 354 | 29. 06. 2015 ൽ മറുപടിക്ക്

കെ.എസ്. ഇ.ബി. ലൈൻമാൻ- മസ്ദൂർ പ്രൊമോഷനും നിയമനവും.

ചോദ്യം

ശ്രീ. സി.എഫ്. തോമസ്

" റ്റി.യു. കുരുവിള

" മോൻസ് ജോസഫ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ. എസ്. ഇ. ബി. ലിമിറ്റഡിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ പ്രമോഷനും നിയമനവും കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) മസ്ദൂർ തസ്തികയിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും PSC - ക്ക് റിപ്പോർട്ട് ചെയ്യാൻ അതാത് ജില്ലാ നിയമനാധികാരികളായ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് 12.03.2015 - ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പി. എസ്. സി. മുഖേനയുള്ള മസ്ദൂർ നിയമനം പുരോഗമിക്കുന്നു. ലൈൻമാൻ തസ്തികയിൽ നിലവിൽ ഒഴിവില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് മസ്ദൂർ തസ്തികയിൽ നിന്നും പ്രമോഷൻ നൽകി വരുന്നുണ്ട്. |
| (ബി) വൈദ്യുതി പ്രസരണ – വിതരണ നഷ്ടം പരമാവധി കുറയ്ക്കുന്നതിന് ലൈൻമാൻ - മസ്ദൂർ തസ്തികകൾ അടിയന്തിരമായി നികത്തി, ലൈനുകളിൽ വീണ് കിടക്കുന്ന മരച്ചില്ലകൾ ഉൾപ്പെടെ വെട്ടി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) ലൈനുകളിൽ വീണുകിടക്കുന്ന മരച്ചില്ലകളും മറ്റും വെട്ടിമാറ്റുന്ന ജോലി പ്രീമൺസൂൺ മെയിൻറനൻസിന്റെ ഭാഗമായും അല്ലാതെ നിശ്ചിത ഇടവേളകളിലും കൃത്യമായി ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ